**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4205** **28-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനും അതനുസരിച്ച് ശമ്പളപരിഷ്കരണം നടത്താനും ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 20/04/2017 ലെ സ.ഉ.(സാധാ)നം. 21/2017/P&EA ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിലവിലെ വേതന ഘടനയെക്കുറിച്ച് സമഗ്രമായ പഠനം നടത്താനും, എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ശമ്പള/ വേതന പരിഷ്കരണത്തിനായി ഒരു പൊതുചട്ടം രൂപീകരിക്കുന്നതിനും, പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് നൽകുന്നതിനും അതനുസരിച്ച് ശമ്പള പരിഷ്കരണം നടത്തുന്നതിനുമായി, സർക്കാരിന് ശുപാർശകൾ നൽകാനായി സംസ്ഥാന സർക്കാർ ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയുണ്ടായി. |
| (ബി) | എങ്കിൽ ശമ്പള പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് പരിഗണനയിലുണ്ടോ; അറിയിക്കുമോ; | (ബി) | വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | ഏതൊക്കെ സ്ഥാപനങ്ങളെയാണ് വിവിധ ഗ്രേഡുകൾ നൽകുന്നതിനായി ശുപാർശ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) | വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ